# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നം. 337</u>

<u>**13.12.2018 ൽ മറുപടിക്ക്**</u>

## <u>ഇറക്കുമതി ചെയ്ത മണൽ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ പി.കെ.അബ്ദു റബ്ബ്<br>ശ്രീ കെ.എൻ.എ ഖാദർ<br>ശ്രീ പി.കെ.ബഷീർ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത മണൽ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ; | (എ) വിദേശ രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി വ്യവസായ വകുപ്പ് 20.02.2018 ൽ 57/എ 3/2018/വ്യവ നമ്പരായി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 8 സ്വകാര്യ കമ്പനികളാണ് വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യുന്നത്. ഇപ്രകാരം കൊച്ചി തുറമുഖത്ത് ഇറക്കുമതി ചെയ്യപ്പെട്ട മണൽ മറ്റു കമ്പനികൾക്കും വ്യക്തികൾക്കുമാണ് വിൽപ്പന നടത്തുന്നത്. ഇത്തരത്തിൽ വിൽപ്പന നടത്തുന്നതിനായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ആഫീസ്, ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ടി ഡീലേഴ്സ് ലൈസൻസ് പ്രകാരം വിൽപ്പന ചെയ്യപ്പെട്ട മണൽ റീട്ടെയ്ൽ ആയി വിൽപ്പന നടത്തുന്നതിന് സ്വകാര്യ വ്യക്തികൾക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ആഫീസുകളിൽ നിന്നും ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതും വിതരണം ചെയ്യുന്നതും സർക്കാർ നിയന്ത്രണത്തിലല്ല. ആയതിനാൽ വില നിയന്ത്രണവും സർക്കാർ നിയന്ത്രണത്തിലല്ല. |
| (ബി) ആവശ്യക്കാർക്ക് ന്യായമായ വിലയ്ക്ക് മണൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) വിദേശത്തു നിന്നും സ്വകാര്യ കമ്പനികളാണ് മണൽ ഇറക്കുമതി ചെയ്ത് വരുന്നത് എന്നതിനാൽ പ്രസ്തുത മണലിന്റെ വിലനിയന്ത്രണാധികാരം സർക്കാരിൽ നിക്ഷിപ്തമല്ല. സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണൽ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണൽ നീക്കം ചെയ്ത് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് |

പ്രൊസീജിയർ (SOP) 26.09.2017 തീയതിയിലെ GO(Ms)79/2017/WRD ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡിസിൽറ്റിംഗ് നടത്തുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ലോവർ പെരിയാർ ഡാമിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് 21.02.2011 തീയതിയിലെ സ.ഉ(കൈ)നം.46/2011/വ്യവ ഉത്തരവ് പ്രകാരം മെ.ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 04.06.2018 തീയതിയിൽ ബഹു. മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ ലോവർ പെരിയാർ റിസർവോയറിൽ നിന്നും ശേഖരിക്കുന്ന മണൽ വിൽപന നടത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയുടെ അനുമതി തേടേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും, ടി പ്രവർത്തി 'TURNKEY' പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് മെ.ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ